**വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമെത്തി ഇൻസ്റ്റിറ്റൂഷണൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണമൊരുക്കി കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ**

വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ അതിർത്തി കടന്നെത്തി, ഇൻസ്റ്റിറ്റൂഷൻ ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണമൊരുക്കി മാതൃകയാവുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകളാണ് ഇവർക്കു സ്വാദിഷ്ടമായ ഭക്ഷണം ഒരുക്കി നൽകുന്നത്. തൃശൂർ ജില്ലാ ഭരണകൂടത്തിന്റെ നിർദേശ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആണ് ഇൻസ്റ്റിറ്റൂഷണൽ ക്വാറന്റൈനിൽ കഴിയുന്ന പ്രവാസികൾ (എൻ.ആർ.ഐ നോൺ റസിഡന്റ് ഇന്ത്യൻ), മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തിയവർ (എൻ.ആർ.കെ നോൺ റസിഡന്റ് കേരളൈറ്റ്) , ആരോഗ്യ പ്രവർത്തകർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പോലീസ് സേന അംഗങ്ങൾ എന്നിവർക്ക് തൃശൂർ ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ ഭക്ഷണം ഒരുക്കി നൽകുന്നത്.

തൃശൂർ ജില്ലയിലെ 7 താലൂക്കുകളിലായി പ്രവർത്തിക്കുന്ന 6 എൻ.ആർ.ഐ സെന്ററുകളിലേക്കായി ഏകദേശം 950 ഭക്ഷണപ്പൊതികളും എൻ.ആർ.കെ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങളെ പാർപ്പിച്ചിരിക്കുന്ന 66 സെന്ററുകളിലേക്കായി ഏകദേശം 900 ഭക്ഷണപ്പൊതികളുമാണ് പ്രതിദിനം മൂന്ന് നേരവും നൽകി വരുന്നത്. ഇൻസ്റ്റിറ്റൂഷണൽ ക്വാറന്റൈൻ സെന്ററുകളിലേക്ക് അതത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലുകൾ, കമ്മ്യൂണിറ്റി കിച്ചണുകൾ, ഐഫ്രം യൂണിറ്റ്, മറ്റു കാന്റീൻ / കാറ്ററിംഗ് യൂണിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഭക്ഷണപ്പൊതികൾ നൽകി വരുന്നത്. മുപ്പതോളം കുടുംബശ്രീ യൂണിറ്റുകളാണ് രാപ്പകൽ ഇല്ലാതെ, മാസ്ക്,

ഗ്ലൗസ് എന്നിവ ധരിച്ചു, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു, സാമൂഹിക അകലം പാലിച്ചു കൊണ്ട് ഭക്ഷണം തയ്യാറാക്കുന്നത്. റമദാൻ കാലം ആയതിനാൽ ആവശ്യാനുസരണം വിവിധ സെന്ററുകളിൽ നോമ്പ്തുറ വിഭവങ്ങളും നൽകി വരുന്നുണ്ട്. സാധ്യമായ എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തി, ജനങ്ങളുടെ സുരക്ഷ□ും ക്ഷേമത്തിനുമായി മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച് മികച്ചൊരു മാതൃക സൃഷ്ടിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ.